REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-07-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മെയ്ക്ക് ഇൻ ഇന്ത്യ' ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ ആഗോള തലത്തിലേക്ക് ഉയർത്തുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **സംസ്ഥാനത്ത് ഇന്നും കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു.**
- **എട്ട് ജില്ലകളിൽ വിദ്യാലയങ്ങൾക്ക് ജില്ലാ കലക്ടർമാർ ഇന്ന് അവധി നൽകി. മലപ്പുറം ജില്ലയിൽ അവധിയില്ല.**
- **തിങ്കളാഴ്ച ആരംഭിക്കുന്ന പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ഞായറാഴ്ച ഗവൺമെന്റ് സർവ്വകക്ഷി യോഗം വിളിച്ചു.**
- **ഇന്ന് മുഹറം പത്ത്.**
- **ഏഷ്യാകപ്പ് വനിതാ ട്വന്റി - 20 ക്രിക്കറ്റ് ടൂർണമെന്റ് മറ്റന്നാൾ ശ്രീലങ്കയിൽ ആരംഭിക്കും. ഇന്ത്യ ആദ്യ മത്സരത്തിൽ പാകിസ്ഥാനെ നേരിടും.**

## വാർത്തകൾ വിശദമായി

**മെയ്ക്ക് ഇൻ ഇന്ത്യ' ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ ആഗോള തലത്തിലേക്ക് ഉയർത്തുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. സോഷ്യൽ മീഡിയയിൽ പങ്കുവെച്ച വിവരങ്ങളിലാണ് പ്രധാനമന്ത്രി ഇക്കാര്യം പറഞ്ഞത്.**

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...........വോയ്സ്..........

യുകെ, ജർമ്മനി, നെതർലൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി കുതിച്ചുയരുന്നതോടെ ഇന്ത്യൻ സൈക്കിളുകൾ ആഗോള വികാരമായി മാറുകയാണ്. ബിഹാറിൽ നിർമ്മിച്ച ബൂട്ടുകൾ ഇപ്പോൾ റഷ്യൻ സൈന്യത്തിന്റെ ഗിയറിന്റെ ഭാഗമായത്, ഇന്ത്യൻ ഉൽപന്നങ്ങളുടെ അപ്രതീക്ഷിത ആഗോള വ്യാപ്തി പ്രദർശിപ്പിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. കശ്മീർ വില്ലോ ബാറ്റുകൾക്ക് ലോകകപ്പ് അടുത്തുവരുമ്പോൾ ആവശ്യക്കാരേറെയായിരുന്നു,

യുഎസിൽ ഉൽപ്പന്നങ്ങൾ പുറത്തിറക്കി ഇന്ത്യയുടെ തനത് രുചികൾ ലോകത്തിലേക്ക് എത്തിക്കുകയാണ് അമുൽ.

ഇന്ത്യയുടെ യുപിഐ സംവിധാനം ഇപ്പോൾ ആഗോള പ്രതിഭാസമാണെന്നും ഒന്നിലധികം രാജ്യങ്ങളിൽ തടസ്സമില്ലാത്ത ഡിജിറ്റൽ പേയ്മെന്റുകൾ സാധ്യമാക്കുന്നുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു. ഇന്ത്യയുടെയും റഷ്യയുടെയും സംയുക്ത സംരംഭമായ ബ്രഹ്മോസ് മിസൈലുകൾ ഇപ്പോൾ ദക്ഷിണ ചൈനാ കടലിൽ പ്രവർത്തിക്കുന്നുണ്ട്.

ആമസോണിന്റെ ബ്ലാക്ക് ഫ്രൈഡേ, സൈബർ തിങ്കളാഴ്ച വിൽപന എന്നിവയിൽ ഇന്ത്യൻ ഉൽപ്പന്നങ്ങൾ ആധിപത്യം പുലർത്തി, മെയ്ഡ് ഇൻ ഇന്ത്യ ഇനങ്ങളുടെ അന്താരാഷ്ട്ര ഡിമാൻഡും ആഗോള ഇ-കൊമേഴ്സ് വിപണികളിൽ

ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന സാന്നിധ്യവും ഈ വിജയഗാഥ കാണിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഇന്നും കനത്ത മഴ ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശനിയാഴ്ചവരെ അതിശക്തമായ മഴ തുടരും. തീവ്രമഴയ്ക്ക് സാധ്യത കണക്കിലെടുത്ത് അഞ്ച് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. പത്തനംതിട്ട, ആലപ്പുഴ,കോട്ടയം,എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരള - ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ശനിയാഴ്ചവരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സംസ്ഥാനത്ത് കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ ഏട്ട് ജില്ലകളിൽ സ്കൂളുകൾക്ക് ജില്ലാ കലക്ടർമാർ ഇന്ന് അവധി പ്രഖ്യാപിച്ചു. കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്, തൃശൂർ, ഇടുക്കി, ആലപ്പുഴ, കോട്ടയം ജില്ലകളിലാണ് അവധി.

എന്നാൽ മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമുണ്ടാകില്ല.

അതേസമയം, കണ്ണൂർ ജില്ലയിൽ കോളേജുകൾക്ക് അവധി ബാധകമല്ല.

തൃശൂർ, വയനാട്, ഇടുക്കി ജില്ലകളിൽ പൂർണമായും റെസിഡൻഷ്യലായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി നൽകിയിട്ടില്ല. പത്തനംതിട്ട ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന മൂന്ന് സ്കൂളുകൾക്ക് ഇന്ന് അവധി നൽകി.

മലപ്പുറം ജില്ലയിൽ ഇന്ന് അവധി പ്രഖ്യാപിച്ചിട്ടില്ലെന്ന് ജില്ലാ കലക്ടർ അറിയിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചതായി പ്രചരിക്കുന്ന വാർത്ത വ്യാജമാണെന്നും ജില്ലയിൽ നിലവിൽ അവധി പ്രഖ്യാപിക്കേണ്ട സാഹചര്യമില്ലന്നും കളക്ടർ വ്യക്തമാക്കി.

✪✪✪

പേരൂർക്കട വഴയിലയിൽ മരം കാറിന് മുകളിലേക്ക് വീണ് പരിക്കേറ്റ സ്ത്രീ മരിച്ചു. തൊളിക്കോട് സ്വദേശിനി മോളി ആണ് മരിച്ചത്.

അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ മോളിയെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ഇന്നലെ രാത്രി എട്ട് മണിയോടെയായിരുന്നു സംഭവം. ഇവർക്കൊപ്പം യാത്ര ചെയ്തിരുന്നയാളെ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

സംസ്ഥാനത്ത് 14 ദുരിതാശ്വാസ ക്യാംപുകളിലായി 224 പേരെ മാറ്റിപ്പാർപ്പിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിൽ അതിശക്തമായ മഴയിൽ 30 ലേറെ വീടുകൾ ഭാഗികമായി തകർന്നു. അഞ്ച് ക്യാംപുകൾ തുറന്നു. 36 പേരാണ് ക്യാംപുകളിൽ കഴിയുന്നത്. 39 കുടുംബങ്ങൾ ബന്ധു വീടുകളിലേക്ക് മാറി താമസിച്ചു. വരക്കൽ കൈതവളപ്പ് പ്രദേശത്ത് 15 ഓളം വീടുകളിൽ വെള്ളം കയറി. മൈക്കാവ് പള്ളിയുടെ പരിസരത്ത് മണ്ണിടിഞ്ഞു. പൂനൂർ പുഴയിലും ഇരുവഴിഞ്ഞി, ചെറുപുഴയിലും ജലനിരപ്പുയർന്നതിനെ തുടർന്ന് ജാഗ്രത നിർദ്ദേശം നൽകി. പലയിടത്തും കൃഷി നാശമുണ്ടായി. ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ പ്രവർത്തിക്കില്ലെന്ന് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ അറിയിച്ചു.

✪✪✪

ശക്തമായ മഴയിൽ രണ്ടു ദിവസത്തിനിടെ മലപ്പുറം ജില്ലയിലെ 35 വീടുകൾ ഭാഗിമായി തകർന്നു. 33 അംഗ NDRF സംഘം നിലമ്പൂരിൽ ക്യാമ്പ് ചെയ്യുന്നുണ്ട്.

ജില്ലയുടെ വിവിധ പ്രദേശങ്ങളിലായി 9.9 ഹെക്ടർ കൃഷിനശിച്ചതിനെ തുടർന്ന് 31 ലക്ഷത്തോളം രൂപയുടെ നഷ്ടം കണക്കാക്കുന്നു.

✪✪✪

കണ്ണൂർ കൊട്ടിയൂർ -മാനന്തവാടി പാൽച്ചുരം റോഡിൽ കൂറ്റൻപാറ ഇടിഞ്ഞു വീണതിനെ തുടർന്ന് ഗതാഗതം

തടസ്സപ്പെട്ടു. ഇന്നലെ രാത്രി 11 മണിയോടെയാണ് പാറ ഇടിഞ്ഞത്. അർദ്ധരാത്രിക്ക് ശേഷം റോഡ് ഭാഗികമായി തുറന്നെങ്കിലും ഇന്ന് രാവിലെയോടെ പാറ നീക്കം ചെയത് പൂർണ്ണമായും ഗതാഗതത്തിന് തുറന്നു കൊടുക്കുമെന്ന് അഗ്നി രക്ഷാ സേന അധികൃതർ അറിയിച്ചു.

✪✪✪

മട്ടന്നൂർ വെളിയമ്പ്ര കൊട്ടാരം പെരിയത്തിൽ റോഡിൽ വെള്ളം കയറിയതിനെത്തുടർന്ന് ഇതുവഴി ഗതാഗതം നിർത്തിവച്ചു.

ശക്തമായ കാറ്റിൽ കണ്ണൂർ ജില്ലയിലെ പലയിടങ്ങളിലും വൈദ്യുതി ലൈനിൽ മരങ്ങൾ കടപുഴകി വീണ് വൈദ്യുതി വിതരണം നിലച്ചു. രാത്രി വൈകിയും ജീവനക്കാർ വൈദ്യുത ബന്ധം പുനസ്ഥാപിക്കുന്നതിനു ശ്രമം തുടരുകയാണ്.

✪✪✪

പാലക്കാട് ജില്ലയിൽ ഈ മാസം ഇതുവരെ പെയ്ത മഴയിൽ 23 കോടിയോളം രൂപയുടെ നാശനഷ്ടം ഉണ്ടായതായി റവന്യു വകുപ്പ് അറിയിച്ചു. 16 വീടുകൾ പൂർണ്ണമായും, 37 വീടുകൾ ഭാഗീകമായും തകർന്നു. നെല്ല്, വാഴ ഉൾപ്പടെ 400 ഏക്കറോളം കൃഷിനാശവും ഉണ്ടായി.

മഴ ശക്തമാകുന്ന സാഹചര്യത്തിൽ രാവിലെ മന്ത്രി കെ.കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് ജില്ലയിലെ സ്ഥിതി വിലയിരുത്തും.

✪✪✪

കനത്ത മഴയിൽ, കോട്ടയം ജില്ലയിൽ ഇന്നലെ 25 വീടുകൾ ഭാഗീകമായി തകർന്നു. ചങ്ങനാശേരി - 14-ഉം കോട്ടയത്ത് 10-ഉം കാഞ്ഞിരപ്പള്ളിയിൽ ഒന്നും വീടുകളാണ് ഭാഗീകമായി തകർന്നത്.

കോട്ടയം താലൂക്കിൽ ആരംഭിച്ച രണ്ടു ദുരിതാശ്വാസ ക്യാമ്പുകളിൽ 17 പേരെ മാറ്റിപ്പാർപ്പിച്ചു.

✪✪✪

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ഞായറാഴ്ച ഗവൺമെന്റ് സർവകക്ഷിയോഗം വിളിച്ചു. യോഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സഹകരണം ഗവൺമെന്റ് തേടും.

ഈ മാസം 22 മുതൽ അടുത്ത മാസം 12 വരെയാണ് ബജറ്റ് സമ്മേളനം. കേന്ദ്ര ബജറ്റ് 23ന് അവതരിപ്പിക്കും. നരേന്ദ്ര മോദി ഗവൺമെന്റിന്റെ മൂന്നാം ടേമിലെ ആദ്യ ബജറ്റാണിത്. കഴിഞ്ഞ മാസം, പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യവേ, ബജറ്റ് ഗവൺമെന്റിന്റെ ദൂരവ്യാപക നയങ്ങളുടെയും ഭാവി കാഴ്ചപ്പാടുകളുടെയും ഫലപ്രദമായ രേഖയായിരിക്കുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞിരുന്നു.

✪✪✪

ഇന്ന് മുഹറം പത്ത്. സത്യത്തിനും നീതിയ്ക്കുമായി ജീവൻ ബലിയർപ്പിച്ച പ്രവാചകൻ മുഹമ്മദ് നബിയുടെ ചെറുമകൻ ഹസ്രത്ത് ഇമാം ഹുസൈന്റെയും സഹപ്രവർത്തകരുടെയും

രക്തസാക്ഷിത്വ ദിനമാണ് വിശ്വാസികൾ മുഹറം പത്തായി ആചരിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതിന്റെ ഭാഗമായി പ്രത്യേക പ്രാർത്ഥനകളും യോഗങ്ങളും ഉണ്ടാകും.

മൂസാനബിയെ ഫറോവയിൽ നിന്ന് ദൈവം സംരക്ഷിച്ചതിന്റെ നന്ദി സൂചകമായി വിശ്വാസികൾ ഇന്നലെയും ഇന്നും മുഹറം ഐച്ഛിക നോമ്പ് അനുഷ്ഠിക്കുകയാണ്.

✪✪✪

ഉന്നത വിദ്യാഭ്യാസ കോഴ്‌സുകൾക്കായി ഇന്ത്യൻ ഭാഷകളിൽ പഠന സാമഗ്രികൾ തയ്യാറാക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി ഡോ. സുകാന്ത മജുംദാർ പറഞ്ഞു. വിദ്യാഭ്യാസ സമ്പ്രദായം രാജ്യത്തിന്റെ വിശാലമായ ഭാഷാ വൈവിധ്യത്തെ പ്രതിഫലിപ്പിക്കുന്നതായിരിക്കണമെന്നും, വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭാഷയിൽ അറിവ് ഉറപ്പാക്കണമെന്നും അദ്ദേഹം പറഞ്ഞു. ഉന്നത വിദ്യാഭ്യാസത്തിനായി ഇന്ത്യൻ ഭാഷയിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച് വൈസ് ചാൻസലർമാർക്കായി സംഘടിപ്പിച്ച ഏകദിന ശിൽപശാല ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. UGC-യും ഭാരതീയ ഭാഷാ സമിതിയും സംയുക്തമായാണ് ശിൽപശാല സംഘടിപ്പിച്ചത്.

✪✪✪

KPCC സംസ്ഥാന ക്യാമ്പ് എക്സിക്യൂട്ടീവ് ഇന്ന് സുൽത്താൻ ബത്തേരിയിൽ സമാപിക്കും. ലോക്സഭാ

തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തുണ്ടായ നേട്ടം, വരുന്ന തദ്ദേശ തിരഞ്ഞെടുപ്പ്, ലോക്സഭാ-നിയമസഭാ ഉപതിരഞ്ഞെടുപ്പുകൾ എന്നിവ ഇന്നലെ ചർച്ച ചെയ്തു. സംഘടനയ്ക്ക് മുന്നോട്ടു പോകണമെങ്കിൽ ഒറ്റമൂലി തന്ത്രങ്ങളില്ലെന്നും, ഭരണം പിടിക്കണമെങ്കിൽ സാധാരണക്കാരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കണമെന്നും ക്യാമ്പ് ഉദ്ഘാടനം ചെയ്ത AICC ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ പറഞ്ഞു.

ലോക്സഭാ തിരഞ്ഞെടുപ്പിലെ വിജയം മാത്രം കണ്ട് ആഘോഷിച്ചാൽ തിരിച്ചടി നേരിടുമെന്ന് പ്രവർത്തക സമിതി അംഗം ശശി തരൂർ M.P പറഞ്ഞു.

നിരന്തര കൂടിയാലോചനകളും, വിലയിരുത്തലുകളുമാണ് പാർട്ടി പ്രവർത്തനത്തിൽ ആവശ്യമെന്ന് പ്രതിപക്ഷനേതാവ് V.D സതീശൻ പറഞ്ഞു.

✪✪✪

PSC അംഗത്വ വിവാദത്തിലുൾപ്പെട്ട മുഴുവൻ ആളുകളേയും നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ സമഗ്ര അന്വേഷണം നടത്തണമെന്ന് BJP കോഴിക്കോട് ജില്ലാ പ്രസിഡന്റ് V.K.സജീവൻ ആവശ്യപ്പെട്ടു. പി.എസ്.സി.കോഴ വിവാദത്തിൽ സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് BJP ഏരിയാ കമ്മറ്റികൾ സംയുക്തമായി അരക്കിണറിൽ സംഘടിപ്പിച്ച ജനകീയ വിചാരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ശ്രീലങ്കയിൽ മറ്റന്നാൾ ആരംഭിക്കുന്ന ഏഷ്യ കപ്പ് വനിതാ ട്വന്റി -20 ക്രിക്കറ്റ് ടൂർണ്ണമെന്റിൽ പങ്കെടുക്കുന്നതിന് ഇന്ത്യൻ ടീം കൊളമ്പോയിൽ എത്തി. ഹർമൻ പ്രീത് കൗറാണ് ഇന്ത്യൻ സംഘത്തെ നയിക്കുന്നത്. മറ്റന്നാൾ പാക്കിസ്ഥാനുമായാണ് ഇന്ത്യയുടെ ആദ്യ മത്സരം. ഗ്രൂപ്പ് എ യിൽ ഇന്ത്യയ്ക്ക് പുറമെ പാക്കിസ്ഥാൻ, UAE, നേപ്പാൾ എന്നീ ടീമുകളും ഗ്രൂപ്പ് ബി യിൽ ആതിഥേയരായ ശ്രീലങ്ക മലേഷ്യ, തായ്‌ലൻഡ്, ബംഗ്ലാദേശ് ടീമുകളുമാണ് മത്സരിക്കുക.

നിലവിൽ ഇന്ത്യയാണ് ചാമ്പ്യന്മാർ.

✪✪✪

സ്വീഡിഷ് ഓപ്പൺ ടെന്നിസ് സിംഗിളിന്റെ ഒന്നാം റൗണ്ടിൽ ഇന്ത്യയുടെ സുമിത് നാഗൽ സ്വീഡന്റെ ഏലിയാസ് യെമറിനെ തോൽപ്പിച്ചു. ബാസ്റ്റഡ് സ്റ്റേഡിയത്തിൽ 6-4, 6-3 നായിരുന്നു നാഗലിന്റെ ജയം.

✪✪✪

വയനാട്ടിൽ കാട്ടാനയുടെ ആക്രമണത്തിൽ പരുക്കേറ്റ് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നയാൾ മരിച്ചു.

നൂൽപ്പുഴ കല്ലുമുക്ക് മാരോട് ഊരിലെ രാജു ആണ് മരിച്ചത്. ഞായറാഴ്ച രാത്രി എട്ടരയോടെയാണ് രാജുവിനെ ആന ആക്രമിച്ചത്.

✪✪✪

കണ്ണൂർ ചെങ്ങളായി പരിപ്പായിയിൽ ഭൂമിക്കടിയിൽ നിന്ന് കണ്ടെത്തിയ സ്വർണാഭരണങ്ങളും മറ്റും പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥർ ഇന്ന് പരിശോധിക്കും. പരിപ്പായിയിൽ സ്വർണ്ണം കണ്ടെത്തിയ സ്ഥലം പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ. ദിനേശൻ, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം ഓഫീസർ കെ. കൃഷ്ണരാജ് എന്നിവരുടെ നേതൃത്വത്തിൽ സംഘം സന്ദർശിച്ചു.

തൊഴിലുറപ്പ് ജോലിക്കിടെ തൊഴിലാളികളാണ് കഴിഞ്ഞദിവസം സ്വർണാഭരണങ്ങളും മറ്റും ഭൂമിക്കടിയിൽ നിന്ന് കണ്ടെത്തിയത്. തളിപ്പറമ്പ് RDO -യുടെ കസ്റ്റഡിയിലാണ് ഇവ ഇപ്പോൾ ഉള്ളത്.

✪✪✪

മുത്തങ്ങ എക്സൈസ് ചെക്ക് പോസ്റ്റിൽ വാഹന പരിശോധനയ്ക്കിടെ മെത്താഫിറ്റമിൻ മയക്കുമരുന്നുമായി മലപ്പുറം സ്വദേശി പിടിയിലായി. 79 ഗ്രാമിലധികം മെത്താഫിറ്റമിനുമായി പറമ്പിൽപീടിക സ്വദേശി ആബിദ് ആണ് പിടിയിലായത്.

✪✪✪

ഇന്ത്യൻ നാവികസേനയുടെ ദേശീയതല ക്വിസ് മത്സരമായ THINQ-2024 ഇന്നലെ ആരംഭിച്ചു. 2047-ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റാനായി പ്രവർത്തിക്കുന്ന 'വികസിത് ഭാരത്' എന്നതാണ് ഈ വർഷത്തെ THINQ-2024 ന്റെ ആശയം.

✪✪✪